പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1286

06-03-2018 ൽ മറുപടിക്ക്

## പാലക്കാട് ജില്ലയിലെ കുളങ്ങൾ പുനരുദ്ധരിക്കാൻ നടപടി

ചോദ്യം
ശ്രീ. പി.ഉണ്ണി

മറുപടി
ശ്രീ.വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പാലക്കാട് ജില്ലയിൽ വേഗത്തിൽ വരൾച്ച ബാധിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ജില്ലയിലെ കുളങ്ങൾ പുനരുദ്ധരിച്ച് കാർഷിക വൃത്തി അഭിവൃദ്ധിപ്പെടുത്തുന്നതിനും കുളങ്ങളിലെ ജലവിതാനം ഉയർത്തുന്നതിനുമായി എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ച് വരുന്നതെന്ന് വിശദീകരിക്കാമോ ; | (ബി) | പാലക്കാട് ജില്ലയിലെ രൂക്ഷമായ വരൾച്ചാനിവാരണത്തിനായി മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന ജില്ലയിലെ 56 കുളങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 15.315 കോടി രൂപയുടെ പദ്ധതിക്ക് ആർ.ഐ.ഡി.എഫ് ന്റെ 20-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിയിലൂടെ ജില്ലയിലെ മണ്ണാർക്കാട്, പാലക്കാട് , ചിറ്റൂർ , മലമ്പുഴ , കൊല്ലങ്കോട്, കുഴൽമന്ദം എന്നീ ബ്ലോക്കുകളിലെ 22 പഞ്ചായത്തുകളിലാണ് കുളങ്ങൾ പുനരുദ്ധരിക്കുന്നതിന് അനുമതി നൽകിയിരിക്കുന്നത്. ആയതിൽ നാളിതുവരെ 9.79 കോടി രൂപ ചെലവഴിച്ച് 41 കുളങ്ങളുടെ പുനരുദ്ധാരണം പൂർത്തീകരിച്ചിട്ടുണ്ട്. കുളങ്ങളുടെ ആഴം വർദ്ധിപ്പിക്കൽ, പാർശ്വഭിത്തികൾ, സ്റ്റെപ്പ്, റാമ്പ്, നിർഗ്ഗമന-ബഹിർഗ്ഗമന പൈപ്പുകൾ എന്നിവയുടെ നിർമ്മാണം തുടങ്ങിയ പ്രവൃത്തികളാണ് പദ്ധതിയിൽ നടപ്പിലാക്കിയിട്ടുള്ളത്. ഈ പദ്ധതിയിലൂടെ കാർഷികാഭിവൃദ്ധിയ്ക്കും കുളങ്ങളിലെ ജലവിതാനം ഉയർത്തുന്നതിനും വരൾച്ചയ്ക്ക് ശമനം കാണുന്നതിനും സാധ്യമായിട്ടുണ്ട്.<br>നബാർഡ് ആർ.ഐ.ഡി.എഫ് 18 സ്കീമിൽ ഉൾപ്പെടുത്തി മുതലമട പഞ്ചായത്തിൽ 9 കുളങ്ങളുടെയും, ആർ.ഐ.ഡി.എഫ് 20 ൽ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തി തെങ്കര, തച്ചനാട്ടുകര പഞ്ചായത്തുകളിലായി 11 കുളങ്ങളുടെയും നവീകരണ പ്രവൃത്തികൾ കെ.എൽ.ഡി.സി മുഖേന നടപ്പിലാക്കിവരുന്നു. കൂടാതെ പാലക്കാട് ജില്ലയിൽ കരിമ്പുഴ പഞ്ചായത്തിലെ ആറാട്ടുകുളം, വെള്ളിനേഴി പഞ്ചായത്തിലെ ഉത്രാദിക്കാവ് കുളം, കൊപ്പം ഗ്രാമപഞ്ചായത്തിലെ ആറക്കുളം, പെരിക്കാട്ടുകുളം എന്നിവയുടെ പദ്ധതി റിപ്പോർട്ട് ആർ.ഐ.ഡി.എഫ് 23-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി നബാർഡിൽ സമർപ്പിച്ചിട്ടുണ്ട്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് പാലക്കാട് ജില്ലയിൽ എത്ര കുളങ്ങൾ പുനരുദ്ധരിക്കുന്നതിനായി ഫണ്ട് അനുവദിച്ചു; കുളങ്ങളുടെ പേരും അനുവദിച്ച തുകയും ഗ്രാമപഞ്ചായത്തിന്റെ പേരും സഹിതം വ്യക്തമാക്കാമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന പാലക്കാട് ജില്ലയിൽ കുളങ്ങൾ പുനരുദ്ധരിക്കുന്നതിന് പുതിയ പദ്ധതികളൊന്നും അനുവദിച്ചിട്ടില്ലെങ്കിലും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, ആർ.ഐ.ഡി.എഫ് ന്റെ 20-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി 2015 മാർച്ച് മാസം ഭരണാനുമതി നൽകിയ 56 കുളങ്ങളുടെ പുനരുദ്ധാരണത്തിനായുള്ള പണം അനുവദിക്കുകയും പദ്ധതിയിൽ 2015-16, 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിലായി 9.79 കോടി രൂപ ചെലവഴിച്ച് 41 കുളങ്ങളുടെ പുനരുദ്ധാരണം ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൂർത്തീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് തല ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആർഐ.ഡി.എഫ് ന്റെ 23-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി 45 കുളങ്ങളുടെ പുനരുദ്ധാരണത്തിനായുള്ള പദ്ധതി നബാർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത കുളങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തി ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

പാലക്കാട് ജില്ലയിൽ പുനരുദ്ധാരണം നടപ്പിലാക്കിയ കുളങ്ങളുടെ പഞ്ചായത്ത് തല വിശദാംശങ്ങൾ

| ക്രമ നമ്പർ | കുളത്തിന്റെ പേര് | പഞ്ചായത്ത് | അനുവദിച്ച തുക |
|---|---|---|---|
| 1 | മണിയക്കാരൻചള്ളസ്വാമിയാർ കുളം | വടകരപ്പതി | 4231000 |
| 2 | കണക്കൻകളം കുളം | വടകരപ്പതി | 2180000 |
| 3 | കള്ളിയംപാറ കുളം | വടകരപ്പതി | 2905000 |
| 4 | കിണർപ്പള്ളം കുളം | വടകരപ്പതി | 2793000 |
| 5 | മരോണിച്ചോല | കുത്തനൂർ | 1940000 |
| 6 | വെളുങ്ങോട്ടുകുളം | കാരാക്കുറിശ്ശി | 631000 |
| 7 | പുത്തൻകുളം(കിരാതമൂർത്തി അമ്പലകുളം) | തച്ചമ്പാറ | 2624000 |
| 8 | എരുമാടിച്ചോല (കവരമുണ്ടകുളം) | തച്ചമ്പാറ | 2667000 |
| 9 | കാരാട്ടുകുളമ്പു കുളം | പുതുനഗരം | 3666000 |
| 10 | പടിക്കൽപ്പാടം കുളം | പുതുനഗരം | 4027000 |
| 11 | തച്ചൻകോട്ടുകുളം | കുഴൽമന്ദം | 1200000 |
| 12 | പുത്തൻകുളം | കോട്ടോപ്പാടം | 727000 |
| 13 | മുണ്ടകുളം | കോട്ടോപ്പാടം | 702000 |
| 14 | തള്ളച്ചിറകുളം | തച്ചനാട്ടുകര | 750000 |
| 15 | പൂന്നൂർകുളം | തേങ്കുറിശ്ശി | 2925000 |
| 16 | കനിവായ് കൊക്കഞ്ചിറ കുളം | കാഞ്ഞിരപുഴ | 1893000 |
| 17 | വലിയപാടം കുളം | കുഴൽമന്ദം | 218000 |
| 18 | പുത്തൻകാട് കുളം | കുഴൽമന്ദം | 1928000 |
| 19 | കാട്ടുമൂച്ചികുളം | കുഴൽമന്ദം | 1461000 |
| 20 | പുതുകുളം | മുണ്ടൂർ | 1105000 |
| 21 | വിളക്കിത്തറകുളം | മുണ്ടൂർ | 475000 |
| 22 | തട്ടാൻകുളം | മരുതറോഡ് | 3056000 |
| 23 | കൂർത്തംകുളം | മരുതറോഡ് | 2483000 |
| 24 | പോളിടെക്നിക്കിനു പിൻവശത്തുള്ള കുളം | കൊടുമ്പ് | 2222000 |
| 25 | പാർളി കുളം | മങ്കര | 1420000 |
| 26 | തെക്കുമുറിക്കുളം | കുഴൽമന്ദം | 2100000 |
| 27 | പോളിടെക്നിക്കിന് മുൻവശത്തുള്ള കുളം | കൊടുമ്പ് | 5038000 |
| 28 | അമ്പലകുളം | പുതുപരിയാരം | 1875000 |
| 29 | പാൻകുളം | പുതുപരിയാരം | 3874000 |
| 30 | പൂതുകുളം | അലനല്ലൂർ | 1247000 |
| 31 | ആട്ടഞ്ചേരിക്കുളം | പട്ടാഞ്ചേരി | 4871000 |
| 32 | ആട്ടഞ്ചേരി ചണ്ടിക്കുളം | പട്ടാഞ്ചേരി | 6265000 |
| 33 | കോടനായ്ക്കൻ കുളം | പട്ടാഞ്ചേരി | 4816000 |
| 34 | ചുണമ്പേരി | മുതലമട | 6055000 |
| 35 | അരിയകോട് കുളം (പുളയ്ക്കൽച്ചിറ) | തേങ്കുറിശ്ശി | 3554000 |
| 36 | പാൻകുളം | കുഴൽമന്ദം | 3874000 |
| 37 | പുല്ലുപാറകുളം | കുഴൽമന്ദം | 1458000 |
| 38 | കുമൻകുളം | കുഴൽമന്ദം | 4343000 |
| 39 | ചുങ്കത്ത് കുളം | നല്ലേപ്പിള്ളി | 3995000 |
| 40 | തൈക്കാട്ടുകുളം | മുണ്ടൂർ | 950000 |
| 41 | കോട്ടോപ്പള്ളം - ആലുംകുളം | മരുതറോഡ് | 4400000 |

സെക്ഷൻ ഓഫീസർ